(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കു കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി റിസൾട്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം - (എ) ആയി ചേർത്തിട്ടുണ്ട്.*

(സി) മഹാത്മാഗാന്ധി, കൊച്ചിൻ, കോഴിക്കോട്, കണ്ണൂർ എന്നീ സർവ്വകലാശാലകളിൽ പത്ത് ശതമാനത്തിൽ താഴെ മാത്രം വിജയമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും തന്നെ ഇല്ല. കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചില ബ്രാഞ്ചുകളിൽ മാത്രം പത്ത് ശതമാനത്തിൽ താഴെ വിജയശതമാനമാണുള്ളത്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധം -(ബി) ആയി ചേർത്തിട്ടുണ്ട്.*

(ഡി) ഈ അദ്ധ്യയന വർഷം 11,448 സർക്കാർ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് നിലവാര താഴ്ച നേരിടുന്നതായും അക്കാരണത്താൽ വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആവശ്യമായ ഓപ്ഷനുകൾ ലഭിക്കാതിരുന്നതാണ് ഇത്രയും സീറ്റുകൾ ഒഴിഞ്ഞു കിടക്കാൻ കാരണമായതെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് നിലവിൽ 148 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനുമതി നൽകിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം - (സി) ആയി ചേർത്തിട്ടുണ്ട്.*

(ജി) കോളേജുകളുടെ അനുമതി റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ

104 (1140) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക സ്ഥാപനങ്ങളായ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽനിന്ന് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് ടെക്നോളജി ബിസിനസ്സ് സെന്ററുകളിലെ പരിശീലനം സഹായകരമാണ്. അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടിയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളുള്ള വിവിധ സോഫ്റ്റ്വെയർ ഉപകരണങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതി രൂപീകരണത്തിനും വികസനത്തിനും സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാർത്ഥികളിൽ സംരംഭക കഴിവുകൾ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തന്മൂലം വിദ്യാർത്ഥികളിൽ അന്തർലീന മായിരിക്കുന്ന സാങ്കേതിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയാണ് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ.

(സി) പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ വിദ്യാർത്ഥികൾക്കും സംരംഭകത്വ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവർക്കും സഹകരിക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly